II.ഇ. ബി. XII – കേരള നിയമസഭ/XII-5

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2009 സെപ്റ്റംബർ 15, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

13(*121) തൊഴിലപകട നഷ്ടപരിഹാരം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എട്ട് തൊഴിലപകട നഷ്ടപരിഹാര കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന പുതിയ കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ലെന്നും പഴയ 5400-ഓളം കേസ്സുകൾ അദാലത്തുകളുൾപ്പെടെ നടത്തി എത്രയും പെട്ടെന്ന് തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ചില ജില്ലകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ തസ്തിക ഇടക്കാലത്ത് ഒഴിഞ്ഞുകിടന്നതുകാരണമാണ് കേസ്സുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടായത്. ജില്ലാ ലേബർ ആഫീസർ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കിയവർ ആവശ്യത്തിന് തികയാതെ വന്നതുമൂലം ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തിക നികത്താൻ യഥാസമയം കഴിഞ്ഞിട്ടില്ല. തൊഴിൽ വകുപ്പിലെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുക

യാണ്. കോടതി ആഴ്ചയിൽ രണ്ടു ദിവസം ആസ്ഥാനത്തും മാസത്തിൽ രണ്ടു ദിവസം ക്യാമ്പിലുമാണ് പ്രവർത്തിക്കുന്നത്. കാലവിളംബം ഒഴിവാക്കുന്നതിനായി നിലവിൽ കോടതി പ്രവർത്തിക്കുന്ന ദിവസങ്ങൾക്കു പുറമേ ആഴ്ചയിൽ ഒരു ദിവസം കൂടി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നാലോ അഞ്ചോ ദിവസം സിറ്റിംഗ് നടത്തുന്നതിനും ഉദ്ദേശി ക്കുന്നുണ്ട്. 1923-ലെ വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് 2000 വരെ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്; കേരളത്തിന് പ്രത്യേക റൂൾസും ഉണ്ടാക്കിയി ട്ടുണ്ട്. വർക്ക്മെൻ കോമ്പൻസേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കെല്ലാം അർഹമായിട്ടുള്ള നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് അനുസരിച്ച് നഷ്ടപരിഹാരം കൊടുക്കേണ്ടത് എംപ്ളോയറാണ്. അപകട മരണവും അപകടത്തിൽ പൂർണ്ണമായി അംഗവൈകല്യം ഉണ്ടാകുന്നവർക്കും നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനായി വർക്ക് മെൻ കോമ്പൻസേഷൻ ആക്ട്, ഇ.എസ്.ഐ. ആക്ട്, ക്ഷേമപദ്ധതികൾ എന്നിവ നടപ്പാക്കുന്നുണ്ട്. വർക്ക്മെൻ കോമ്പൻസേഷൻ ആക്ടിലെ മാന ദണ്ഡങ്ങൾ പഴക്കം ചെന്നവയായതുകോണ്ട് അവ പുതുക്കി നിശ്ചയി ക്കാനും റൂൾസ് തയ്യാറാക്കാനും അപ്ഡേറ്റ് ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യം കേന്ദ്ര സർക്കാരിൽ ഉന്നയിക്കുകയും ഇതി നെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. കെമിക്കൽ ഫാക്ടറികളിൽ കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ ഏർപ്പെടുത്തണമെന്ന് ഗവണ്മെന്റ് നിഷ്ക്കർഷിച്ചിട്ടുണ്ട്. എറണാകുളത്ത് ഒരു കെമിക്കൽ എമർജൻസി

റെസ്പോൺസ് സെന്ററിന്റെ നിർമ്മാണപ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് പണിയെടുക്കുന്ന തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽജന്യരോഗങ്ങൾ തടയുന്നതിനും അവർക്കാവശ്യമായ സംരക്ഷണം ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിലാളികളുടെ സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ വിപുലപ്പെടുത്താനും സുരക്ഷാ പദ്ധതിയുടെ പരിധിയിൽ അവരെ കൊണ്ടുവരാനും പരമാവധി പരിശ്രമിക്കുന്നതാണ്. അപകടത്തിൽപ്പെടുന്ന കുടിയേറ്റ തൊഴിലാളികൾക്ക് അർഹമായിട്ടുള്ള എല്ലാ അവകാശങ്ങളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മൈഗ്രന്റ് വർക്കേഴ്സിനുവേണ്ടി പ്രത്യേക ക്ഷേമപദ്ധതി സംസ്ഥാന സർക്കാർ ഏർപ്പെടുത്തുകയും ബഡ്ജറ്റിൽ പത്തു കോടി രൂപ അതിനായി നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചികിൽസാ സംവിധാനവും ആരംഭിച്ചിട്ടുണ്ട്. മരംകയറ്റ തൊഴിലാളികൾക്ക് സംസ്ഥാന ഗവണ്മെന്റ് പ്രത്യേക അപകട ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കുകയും മരണമടയുന്നവരുടെ കുടുംബത്തിന് 50,000 രൂപ ധനസഹായം കൊടുക്കുകയും ചെയ്യുന്നുണ്ട്. വർക്ക്മെൻ കോമ്പൻസേഷൻ ആക്ടിന്റെ പരിധിയിൽ ഇവരെ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. കേസ്സുകൾ തീർപ്പാക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ കോടതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കൂടെക്കൂടെ സ്ഥലം മാറ്റാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. അസംഘടിത മേഖലയിൽപ്പെട്ട തൊഴിലാളി വിഭാഗങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. കഞ്ചിക്കോട് പോലുള്ള ഇരുമ്പുരുക്ക് വ്യവസായ ശാലകളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വന്ന് പണിയെടുക്കുന്നവർക്ക് അപകടമുണ്ടായാൽ അവർ ഒരു തൊഴിലാളി സംഘടനകളിലും അംഗത്വമെ

ടുത്തിട്ടില്ലെങ്കിലും അന്വേഷിച്ച് അർഹമായ സഹായങ്ങൾ ചെയ്യുന്നതാണ്. പാറമട, റൈസ്മിൽ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം നൽകാനായി തൊഴിലുടമകൾ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുകൊണ്ട് നടപടികൾ ലഘൂകരിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. പ്ളാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നടപ്പാക്കാൻ റീജിയണൽ ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും കേന്ദ്ര ഗവ ണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവർക്ക് പ്ളാന്റേഷൻ ലേബർ ആക്ടിലെ ആനുകൂല്യങ്ങൾക്ക് പുറമേ ഇ.എസ്.ഐ. ആനുകൂല്യ ങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് പരിശ്രമിക്കു ന്നതാണ്. കർഷകത്തൊഴിലാളികൾക്ക് ജോലി സ്ഥലത്തുവച്ച് ഉണ്ടാകുന്ന അപകടങ്ങൾക്ക് അർഹമായ കോമ്പൻസേഷൻ നൽകുന്നതിനുള്ള ഒരു പദ്ധതിയെ സംബന്ധിച്ച് ഗവണ്മെന്റ് ആലോചിക്കുന്നതാണ്. ആലുവ നിയോ ജകമണ്ഡലത്തിലെ ബയോഗ്യാസ് പ്ളാന്റ് പൊട്ടിത്തെറിച്ച് അപകട ത്തിൽപ്പെട്ട തൊഴിലാളികൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും റബ്ബർ ഫാക്ടറികളുൾപ്പെടെയുള്ള എല്ലാ തൊഴിൽ മേഖലയിലും മിനിമം വേജസ് പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ സ്വീക രിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് ഉത്തരമായി മന്ത്രി വ്യക്തമാക്കി.

14(*122&*144) <u>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി</u>

പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, ഇരിങ്ങാലക്കുട, മങ്കട, കൊടകര, കുഴൽമന്ദം, തലശ്ശേരി, ആലപ്പുഴ, കല്ലൂപ്പാറ, കൊല്ലം, നാട്ടിക, ചേലക്കര, ഗുരുവായൂർ എന്നീ 11 നിയോജകമണ്ഡലങ്ങൾ സമ്പൂർണ്ണ

വൈദ്യുതീകരണം കൈവരിച്ചിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 7067 കി.മീ. 11 കെ.വി. ലൈനും 25021 കി.മീ. എൽ.ടി ലൈനും കൂടുതലായി സ്ഥാപിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു പ്രസരണ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 206 സബ്സ്റ്റേഷനുകൾ 2011-12 ഓടെ പൂർത്തിയാക്കാനുമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി 2006-07 മുതൽ ഇതുവരെ 59 സബ്സ്റ്റേഷനുകൾ പൂർത്തീകരിച്ചതിൽ മൂന്ന് 220 കെ.വി, ഒമ്പത് 110 കെ.വി, നാല് 66 കെ.വി, നാൽപ്പത്തിമൂന്ന് 33 കെ.വി. സബ്സ്റ്റേഷനുകളാണുള്ളത്. ഇതിനോടനുബന്ധിച്ച് 10.26 കി.മീ 220 കെ.വി. ലൈൻ, 106 കി.മീ 110 കെ.വി. ലൈൻ, 477.481 കി.മീ. 33 കെ.വി. ലൈൻ എന്നിവ നിർമ്മിക്കുകയും 9727 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നിയോജകമണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും എം.എൽ.എ ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ഗ്രാന്റ്-ഇൻ-എയ്ഡ്, സർക്കാർ വകുപ്പുകളുടെ പ്രത്യേക പദ്ധതി ഫണ്ടുകൾ എന്നിവ ലഭ്യമാക്കി പണി ഏറ്റെടുക്കുകയുമാണ് ചെയ്യുന്നത്. എം.എൽ.എ-മാരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന മാസ്റ്റർപ്ലാൻ അനുസരിച്ചാണ് ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്. എസ്റ്റിമേറ്റിന്റെ പകുതി തുക പരമാവധി 1 കോടി രൂപ വരെ കെ.എസ്.ഇ.ബി-യുടെ നോർമൽ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും വഹിക്കുന്നു. 10 മെഗാവാട്ടിലധികം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ജലവൈദ്യുത പദ്ധതികളുള്ള മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് കൂടുതൽ തുക അനുവദിക്കാൻ

കെ.എസ്.ഇ.ബി. നിശ്ചയിച്ചിട്ടുണ്ട്. വൈദ്യുതിയുടെ ദുരുപയോഗം കുറയ്ക്കുകയും തടയുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ ദൃശ്യമാദ്ധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ രീതികളിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ. ബി.-യും മലയാള മനോരമയും ഇ.എം.സി.-യും ചേർന്ന് നടത്തിയ ഊർജ്ജ സംരക്ഷണപരിപാടിയുടെ ഭാഗമായി 2009-ലെ പൊതു സേവനത്തിനുള്ള യംഗ് റീഡേഴ്സ് പുരസ്ക്കാരം നേടിയെടുക്കാൻ മനോരമയ്ക്ക് കഴിഞ്ഞി ട്ടുണ്ട്. അതിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ ഒരു പദ്ധതി ആവിഷ്ക്കരി ക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി സാധാരണ ബൾബുകൾക്കുപകരം കാര്യക്ഷമത കൂടിയ സി.എഫ്.എൽ. വിതരണം ചെയ്യുന്നതിനുള്ള ബൃഹത് പദ്ധതിയും നടപ്പാക്കിവരുന്നു. ഇതിന്റെ ഒന്നാംഘട്ടമായി 10 ലക്ഷം സി.എഫ്.എൽ.-കൾ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ വഴി തെരഞ്ഞെടുക്കപ്പെട്ട ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. ഇതിന്റെ തുടർച്ചയായി കേരളത്തിലെ മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിൽ സി.എഫ്.എൽ. ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരള ത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി വോൾട്ടേജ് അദാലത്തുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ പ്രദേശങ്ങ ളിലും 200 വോൾട്ടിൽ കൂടുതൽ വോൾട്ടേജ് ഉണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2009 സെപ്റ്റംബർ 30 വരെ പരാതികൾ സ്വീകരിക്കുകയും ഒക്ടോബർ 1 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ പരാതി കളിന്മേൽ തീർപ്പ് കൽപ്പിക്കാനുമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഒരു വർഷത്തിനുള്ളിൽ കേരളത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതാണ്.

കുറ്റിപ്പുറം നിയോജകമണ്ഡലത്തിലെ പോൾകാസ്റ്റിംഗ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ട്. ഇൻഡ്യയിലെ ഏറ്റവും കുറഞ്ഞ വൈദ്യുതി താരിഫ് ഉള്ള സംസ്ഥാനമാണ് കേരളം. ജനങ്ങൾക്ക് ബുദ്ധിമുട്ടി ല്ലാത്ത വിധത്തിൽ വൈദ്യുതി പ്രതിസന്ധിയുടെ കാര്യത്തിൽ ക്രമീകരണ ങ്ങൾ ഏർപ്പെടുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. റേഷൻ കാർഡുള്ള ഏതൊരു വ്യക്തിക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതാണ്. 5 മില്യൺ യൂണിറ്റ് വൈദ്യുതി ഉപഭോഗമാണ് പ്രതിദിനം ഉണ്ടായിട്ടുള്ളത്. ഇതുവരെ 15 ലക്ഷം വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് 640 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിന് കിട്ടിയിട്ടുണ്ട്. അടുത്ത കൊല്ലം ജനുവരി 1-ാം തീയതി പാലക്കാട് ജില്ലയിലെ എല്ലാ മണ്ഡല ങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാകും. പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് ട്രഡീഷണൽ ഡ്വല്ലേഴ്സ് ആക്ട് പ്രകാരം ആദിവാസി സങ്കേതങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് നിയമപര മായ തടസ്സമില്ലാത്തതുകൊണ്ട് അതനുസരിച്ചുള്ള നിർദ്ദേശം ആര്യനാട് നിയോജകമണ്ഡലത്തിലെ ആദിവാസി മേഖലയിൽ കൊടുത്തിട്ടുണ്ട്. 10 കോടി രൂപ ആദിവാസി മേഖലയിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി. ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. മങ്കട നിയോജകമണ്ഡല ത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൊടുക്കുന്ന തിനേക്കാൾ കൂടുതൽ സി.എഫ്.ബൾബുകൾ സൗജന്യമായി കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ട് മാസങ്ങ ളായിട്ടും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് പരിഹരിക്കുന്നതിനായി ബി.എസ്.എൻ.എൽ, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി ചർച്ച ചെയ്ത്

നടപടി സ്വീകരിക്കുന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഊർജ്ജം കൂടുതലുപയോഗിക്കുന്ന വ്യവസായസ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയാൽ കണക്ഷൻ വിച്ഛേദിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്ക് നിയമപരമായിട്ടുള്ള സമയം കൊടുത്തശേഷം മാത്രമേ കണക്ഷൻ വിച്ഛേദിക്കുകയുള്ളൂ. ചിറ്റൂർ നിയോജകമണ്ഡലത്തിലെ കൊഴിഞ്ഞാംപാറയിൽ 110 കെ.വി. സബ്സ്റ്റേഷനും വേലന്താവളത്ത് 33 കെ. വി. സബ്സ്റ്റേഷനും ഉദ്ഘാടനം ചെയ്തുകഴിഞ്ഞിട്ടും പ്രസ്തുത പ്രദേശത്ത് എവിടെയെങ്കിലും വോൾട്ടേജ്ക്ഷാമം ഉണ്ടെങ്കിൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി സി.ഡി. അടയ്ക്കാൻ ബുദ്ധിമുട്ടുള്ള പാവപ്പെട്ടവർക്ക് എം.എൽ.എ ഫണ്ട് ഉപ യോഗിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ ഒരു പ്രത്യേകമായ സ്കീം തയ്യാറാക്കി ഡി.പി.സി.-യിൽ വച്ച് അംഗീകരിപ്പിച്ച് സി.ഡി. അടയ്ക്കാവുന്നതാണെന്നും ട്രാൻസ്മിഷൻ ലൈനുകൾ അക്സസ്സിബിളല്ലാത്ത സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്ന താണെന്നും ഈ മാസം 19, 20, 21 തീയതികളിൽ ഊർജ്ജവും പട്ടികസമുദായ ക്ഷേമവും വകുപ്പുമന്ത്രി വയനാട് സന്ദർശിക്കുന്ന വേളയിൽ വയനാട്ടിൽ സോളാർ ലാംപ് സൗജന്യമായി നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. വനാവകാശ നിയമ പ്രകാരം 5 ഏക്കറിൽ താഴെയുള്ള പ്രദേശങ്ങളിൽ 75 മരങ്ങൾ വരെ മുറിക്കേണ്ട സ്ഥലങ്ങളിൽ അതിനുള്ള അനുമതി കൊടുക്കാനുള്ള നിർദ്ദേശം ഡി.എഫ്.ഒ.-യ്ക്ക് കൊടുത്തിട്ടുണ്ടെന്നും ഈ നിയമത്തിന്റെ വെളിച്ചത്തിൽ ആദിവാസി മേഖലയ്ക്ക് അനുകൂലമായ രീതിയിൽ കാര്യങ്ങൾ ചെയ്യുന്നതാ

ണെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അറിയിച്ചു.

15(*123) കയറുൽപ്പന്നങ്ങളുടെ വിപണനം

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, 'ഒരു വീട്ടിൽ ഒരു കയറുല്പന്നം' എന്ന പദ്ധതി ഈ ഓണക്കാലം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയെന്നും ഈ പദ്ധതിയുടെ ആലോചനായോഗം 03-08-09-ൽ ആലപ്പുഴയിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും കയറുൽപ്പന്നങ്ങൾ വിവിധ മേഖലകളിലുള്ള വിൽപ്പന കേന്ദ്രങ്ങൾവഴി വിറ്റഴിക്കുന്ന ബൃഹത്തായ പരിപാടി ആസൂത്രണം ചെയ്യുകയും ചെയ്തതായി സഭയെ അറിയിച്ചു. കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡ്, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എന്നീ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ ഈ ഓണക്കാലത്ത് പരമാവധി വിറ്റഴിക്കുന്നതിലേയ്ക്കായി ഓരോ സ്ഥാപനങ്ങൾക്കും ടാർജറ്റ് നിശ്ചയിച്ചു നൽകി. ഈ ഓണക്കാലത്ത് 10 കോടി രൂപയുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതാത് സ്ഥാപനങ്ങളുടെ വിൽപ്പന കേന്ദ്രങ്ങൾക്ക് പുറമേ ഓരോ സ്ഥാപനങ്ങൾക്കും നിശ്ചയിച്ചു നൽകിയിട്ടുള്ള സഹകരണ സംഘങ്ങളുടെ വിൽപ്പന കേന്ദ്രങ്ങൾ മുഖാന്തിരവും കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരവും വില്പന കേന്ദ്രങ്ങൾ/എക്സിബിഷനുകൾ സംഘടിപ്പിച്ചും പരമാവധി വിൽപ്പന നടത്തുന്നതിന് ലക്ഷ്യമിടുകയും 06-09-09 വരെ 630.48 ലക്ഷം രൂപയുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. 600 സഹകരണസംഘങ്ങളിൽക്കൂടി ഏതാണ്ട് ഒരു

കോടിയോളം രൂപയുടെ ഉൽപ്പന്നങ്ങൾ ഈ സീസൺ കാലത്ത് വിറ്റഴിച്ചിട്ടുണ്ട്. കയറുല്പന്നങ്ങളുടെ പ്രചാരണത്തിനായി ഓണക്കാലത്ത് കേരളത്തിലെ പ്രമുഖ പത്രമാധ്യമങ്ങളിലും ചാനലുകളിലും എഫ്.എം.-ലും പരസ്യ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ബ്രോഷറുകൾ, പോസ്റ്ററുകൾ എന്നിവ മുഖാന്തിരം പ്രോൽസാഹന സമ്മാനങ്ങൾ നൽകുന്നതിന്റെ മുന്നോടിയായി 250 രൂപയ്ക്കു മുകളിലുള്ള ഓരോ വില്പനയ്ക്കും കൂപ്പണും നൽകിയിട്ടുണ്ട്. നിലവിൽ ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് 270 സംഘങ്ങൾ മുഖാന്തിരവും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ 244 സംഘങ്ങൾ മുഖാന്തിരവും കയർഫെഡ് 51 സംഘങ്ങൾ മുഖാന്തിരവും ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കയറുൽപ്പന്ന വിപണന കേന്ദ്രം എന്ന ലക്ഷ്യപ്രകാരം 1200 പ്രാഥമിക സഹകരണ സംഘങ്ങളിൽ കൂടി ഇത് പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കയറുൽപ്പന്നങ്ങൾക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി റിബേറ്റ് നൽകുന്നതാണ്. 2000-മാണ്ടിൽ കേന്ദ്രസർക്കാർ ഇതിൽനിന്നും പിൻമാറിയതിനാൽ റിബേറ്റ് പുന:സ്ഥാപിക്കാൻ കേന്ദ്രസർക്കാരിൽ തുടർച്ചയായി സമ്മർദ്ദം ചെലുത്തിവരികയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരവും, കുടുംബശ്രീ മുഖാന്തിരവും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷോറൂമുകൾ മുഖാന്തിരവും കയറുൽപ്പന്നങ്ങളുടെ വിപണനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിനു പുറത്ത് വിപുലമായ വിപണന ശൃംഖല കെട്ടിപ്പടുക്കാനുള്ള നടപടികളും ആരംഭിക്കുകയാണ്. കയർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. കയർ സഹകരണ സംഘങ്ങളുടെ അപ്പെക്സ്

ബോഡിയായ കയർഫെഡ്. പുനരുദ്ധരിക്കാനും നവീകരിക്കാനുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. അഞ്ച് ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി കയർഫെഡിൽ കയർയാൺ ഡിവിഷൻ രൂപീകരിക്കാനും കയർഫെഡിന്റെ പ്രധാന ബിസിനസ്സ് യാൺ സപ്ളൈ ആക്കാനും ചകിരി സപ്ളൈ ചെയ്യാനും തീരുമാനിച്ചിട്ടുണ്ടെന്നും സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കയറുൽപ്പന്ന വിപണനശാല തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 880 മുതൽ 1103 വരെയുള്ള ചോദ്യങ്ങളിൽ 205 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)